# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 140** **30-11-2015-ൽ മറുപടിയ്ക്ക്**

## കാരുണ്യ പദ്ധതി

| | ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾക്ക് കൊടുത്ത് തീർക്കാനുള്ള സഹായത്തുക എത്രയാണ്; എത്ര അപേക്ഷകളിൽ ഇപ്പോൾ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്; | (എ) | കാരുണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾക്ക് സർക്കാർ ആശുപത്രികളിലേയ്ക്കും സ്വകാര്യ ആശുപത്രികളിലേയ്ക്കുമായി 422.55 കോടി രൂപ നൽകാനുണ്ട്. സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലുമായി ഏകദേശം 10,398 അപേക്ഷകളിൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്. |
| (ബി) | കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച തുകയിൽ അവശേഷിക്കുന്ന തുക എത്ര; വിശദമാക്കാമോ; | (ബി) | കാരുണ്യ. കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് (മൊത്തം വിറ്റുവരവിൽനിന്നും സമ്മാന വിതരണം, ഡിസ്കൗണ്ട്, ടാസ്ക്, ടിക്കറ്റ് അച്ചടി, വാറ്റ് എന്നീ ചെലവുകൾ കഴിച്ചുള്ള തുക) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. 21-11-2015 വരെ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽനിന്നായി ആകെ ലഭിച്ച അറ്റാദായം 730.88 കോടി രൂപയാണ്. കാരുണ്യ ചികിത്സാ പദ്ധതി ആരംഭിച്ച 2011 മുതൽ 2015 വരെ ഓരോ സാമ്പത്തിക വർഷവും സർക്കാരിൽനിന്നും കാരുണ്യ |

<table>
<tr><td></td><td></td><td></td><td>ബെനവലന്റ് ഫണ്ടിന്റെ 2075-00-103-95-കെ.ബി.എഫ്, എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച തുകയാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുന്നത്. 2011 മുതൽ 2015 വരെ ആകെ അനുവദിച്ച 775 കോടി രൂപയിൽ 635 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുകയും 140 കോടി രൂപ വകുപ്പിൽ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.
<table>
<tr><th>വർഷം</th><th>ബഡ്ജറ്റ് പ്രൊവിഷനായി ലഭിച്ച തുക (കോടി രൂപയിൽ)</th><th>കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയ തുക (കോടി രൂപയിൽ)</th></tr>
<tr><td>2011-12</td><td>15</td><td>15</td></tr>
<tr><td>2012-13</td><td>100</td><td>100</td></tr>
<tr><td>2013-14</td><td>210</td><td>210</td></tr>
<tr><td>2014-15</td><td>200</td><td>200</td></tr>
<tr><td>2015-16 (നവംബർ 2015 വരെ)</td><td>250</td><td>110</td></tr>
<tr><td>ആകെ</td><td>775</td><td>635</td></tr>
</table>
</td></tr>
<tr><td>(സി)</td><td>കാരുണ്യ ലോട്ടറിയിലൂടെ ജനങ്ങളിൽനിന്ന് സമാഹരിച്ച തുക, അർഹതപ്പെട്ടവർക്ക് യഥാസമയം നല്കാതെ, ദൈനംദിന ആവശ്യങ്ങൾക്ക് ട്രഷറിയിലേക്ക് മാറ്റി ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ ?</td><td>(സി)</td><td>ഉപയോഗിക്കുന്നില്ല.</td></tr>
</table>

Jeyan

**സെക്ഷൻ ഓഫീസർ.**